**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ് , കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/2023 തീയതി. 09.11.2023

# സർക്കുലർ

**ജില്ലാ റിസോഴ്സ് പേഴ്സൺ,**

വിഷയം: സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട്

2023 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ട് പരിശോധിച്ചപ്പോൾ 37 ബ്ലോക്കുകളിൽ യാതൊരു തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകളും (Financial Misappropriation) റിപ്പോർട്ട് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. ഇതിൽ 9 ബ്ലോക്കുകളിൽ മാത്രമാണ് സാമ്പത്തിക വ്യതിയാനം (Financial Deviatioin) റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത ബ്ലോക്കുകളിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സൂക്ഷ്മമായ ഒരു വിലയിരുത്തലിന് അതത് ജില്ലാ റിസോഴ്സ് പേഴ്സൺമാർ വിധേയമാക്കേണ്ടതാണ്. ഈ പഞ്ചായത്തുകളുടെ ഫയൽ വെരിഫിക്കേഷൻ റിപ്പോർട്ട്, എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ച ഓഡിറ്റ് നോട്ട്, ഗ്രാമസഭാ റിപ്പോർട്ടുകൾ, പബ്ലിക് ഹിയറിംഗിൽ അവതരിപ്പിച്ച സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്, എം.ഐ.എസ്സിൽ രേഖപ്പെടുത്തിയ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്നിവ വിശദമായ വിശകലനത്തിന് വിധേയമാക്കേണ്ടതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും ഘട്ടത്തിൽ ഓഡിറ്റിൽ കണ്ടെത്തിയ പ്രശ്നങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തുകൊണ്ട് അവ ഒഴിവാക്കപ്പെട്ടുയെന്നും ബന്ധപ്പെട്ട ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരിൽ നിന്നും വിശദീകരണം തേടുകയും ഇക്കാര്യങ്ങൾ വ്യക്തമായി സോഷ്യൽ ഓഡിറ്റ് യൂണിറ്റിലേക്ക് റിപ്പോർട്ട് ചെയ്യുകയും വേണം.

സോഷ്യൽ ഓഡിറ്റിൽ നിർവ്വഹണ പ്രശ്നങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതു സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടും അതത് ജില്ലാ റിസോഴ്സ് പേഴ്സൺമാർ രണ്ടാഴ്ചയ്ക്കകം സോഷ്യൽ ഓഡിറ്റ്യൂണിറ്റിൽ നൽകേണ്ടതാണ്. ഓരോ ജില്ലയിലെയും ബ്ലോക്കുകളെ സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**സോഷ്യൽ ഓഡിറ്റ് ഇഷ്യൂസ് റിപ്പോർട്ട് ചെയ്യാത്ത ജില്ലകളും ജില്ലയിലെ ബ്ലോക്കുകളെയും സംബന്ധിച്ച വിവരങ്ങൾ**

| ക്രമനമ്പർ | ജില്ല | ബ്ലോക്ക് |
|---|---|---|
| 1 | തിരുവനന്തപുരം | നേമം<br>നെടുമങ്ങാട്<br>കിളിമാനൂർ |
| 2 | കൊല്ലം | പത്തനാപുരം<br>ഇത്തിക്കര<br>ചവറ |
| 3 | പത്തനംതിട്ട | പന്തളം<br>കോയിപ്പുറം<br>ഇലന്തൂർ |
| 4 | ആലപ്പുഴ | മാവേലിക്കര |
| 5 | കോട്ടയം | കാഞ്ഞിരപ്പള്ളി |
| 6 | എറണാകുളം | വൈപ്പിൻ<br>ആലങ്ങാട് |
| 7 | തൃശ്ശൂർ | മാള<br>കൊടകര<br>മുല്ലശ്ശേരി<br>ചൊവ്വന്നൂർ<br>വെള്ളാങ്കല്ലൂർ |
| 8 | പാലക്കാട് | പട്ടാമ്പി<br>നെന്മാറ |
| 9 | മലപ്പുറം | വേങ്ങര<br>താനൂർ<br>മലപ്പുറം<br>കൊണ്ടോട്ടി<br>കുറ്റിപ്പുറം |
| 10 | കോഴിക്കോട് | വടകര<br>ചേളന്നൂർ<br>കൊടുവള്ളി<br>ബാലുശ്ശേരി |
| 11 | വയനാട് | സുൽത്താൻബത്തേരി<br>പനമരം |
| 12 | കണ്ണൂർ | കല്ല്യാശ്ശേരി<br>എടക്കാട്<br>പാനൂർ<br>ഇരിക്കൂർ<br>തലശ്ശേരി |
| 13 | കാസർഗോഡ് | നീലേശ്വരം |